# സംസ്ഥാന സഹകരണ യൂണിയൻ, കേരള,
# തിരുവനന്തപുരം.

## വിഞ്ജാപനം.

### എച്ച്.ഡി.സി. ആന്റ് ബി.എം കോഴ്സ് : അപേക്ഷ ക്ഷണിച്ചു.

തിരുവനന്തപുരം. സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ 2018 ആഗസ്റ്റിൽ ആരംഭിക്കുന്ന ഹയർ ഡിപ്ളോമ ഇൻ കോ ഓപ്പറേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷാഫോറം 2018 ജൂൺ 1 മുതൽ താഴെ പറയുന്ന സഹകരണ പരിശീലന കോളേജുകളിൽ നിന്നും ലഭിക്കുന്നതാണ്. 1. സഹകരണ പരിശീലന കോളേജ് കുറവൻകോണം, കവടിയാർ. (പി.ഒ), തിരുവനന്തപുരം, ഫോൺ നം. 0471 - 2436689, 2. കൊട്ടാരക്കര, അവണൂർ. പി.ഒ ഫോൺ. നം. 0474-2454787, 3. ദീപിക ജംഗ്ഷൻ, ചേർത്തല, ഫോ.0478-2813070, 4. ആറൻമുള ഗ്രാമപഞ്ചായത്ത് കൾച്ചറൽ സെന്റർ, ആറൻമുള ഫോ. 0468 -2278140, 5. തിരുനക്കര, കോട്ടയം, ഫോ. 0481- 2582852 6.മീനച്ചൽ കോംപ്ലക്സ്, മാർക്കറ്റ് ജംഗ്ഷൻ, പാല, ഫോ. 0482 -2213107 7. നോർത്ത് പറവൂർ, എറണാകുളം ഫോ. 0484-2447866, 8. അയ്യന്തോൾ തൃശൂർ, ഫോ. 0487-2389402, 9. വിക്ടോറിയ കോളേജ് റോഡ്, പാലക്കാട്, ഫോ. 0491- 2522946 10. തിരൂർ സഹകരണ ഭവൻ, മാവുംകുന്ന്, തിരൂർ, മലപ്പുറം ഫോ. 0494-2423929, 11. തളി കോഴിക്കോട്, ഫോ. 0495-2306460, 12 മണ്ണയാട്, തലശ്ശേരി ഫോ. 0490-2354065 13. കോട്ടാച്ചേരി കോ-ഓപ്പറേറ്റീവ് ബാങ്ക് ബിൽഡിംഗ്, കോട്ടാച്ചേരി, കാഞ്ഞങ്ങാട്, ഫോ. 0467-2217330 എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്

പ്രവേശനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത സർവ്വകലാശാല ബിരുദമോ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും ബിരുദമോ ആയിരിക്കും. 2018 ജൂലൈ 1 ന് 40 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവർക്ക് അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി, പട്ടിവർഗ്ഗ വിഭാഗക്കാരുടെ ഉയർന്ന പ്രായപരിധി 45 വയസ്സും, ഒ.ബി.സി. വിഭാഗക്കാർക്ക് 43 വയസ്സും, സഹകരണസംഘം ജീവനക്കാർക്ക് ഉയർന്ന പ്രായപരിധി ഇല്ല. മൊത്തം സീറ്റിന്റെ 10% സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും 5% ഒ.ബി.സി. വിഭാഗക്കാർക്കും, 5% വിമുക്തഭടൻമാർക്കും അവരുടെ ആശ്രിതർക്കും, ഒരു ശതമാനം വികലാംഗർക്കും, 10 ശതമാനം സഹകരണസംഘം ജീവനക്കാർക്കും (ക്ഷീര വ്യവസായം, സഹകരണം, ഫിഷറീസ് തുടങ്ങിയ വകുപ്പിലെ ഉൾപ്പെടെ) സംവരണം ചെയ്തിരിക്കുന്നു.

അപേക്ഷാഫാറം 100 രൂപയ്ക്ക് നേരിട്ടും മണിഓർഡർ മുഖേന 130/ രൂപയ്ക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 50 രൂപയ്ക്കും മണിയോർഡർ മുഖേന 80 രൂപയ്ക്കും അതാത് സഹകരണ പരിശീലന കോളേജ് പ്രിൻസിപ്പാൾമാരിൽ നിന്നും ലഭിക്കുന്നതാണ്. മണിയോർഡർ ജൂലൈ 10 വരെ മാത്രമെ സ്വീകരിക്കു. പൂരിപ്പിച്ച അപേക്ഷകൾ അതാത് സഹകരണ പരിശീലന കോളേജ് പ്രിൻസിപ്പാൾമാർക്ക് 2018 ജൂലൈ 16 വൈകുന്നേരം 5 മണിക്കകം ലഭിച്ചിരിക്കണം.

അഡീഷണൽ രജിസ്ട്രാർ-സെക്രട്ടറി

28.5.2018

ര